പുതിയ മേജർ കയർ ഫാക്ടറികൾ

344. [370] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. വി. കേശവൻ :
,, വർക്കല രാധാകൃഷ്ണൻ :
,, സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ കോർപ്പറേഷന്റെ കീഴിൽ പുതുതായി മേജർ കയർ ഫാക്ടറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) 1981-ൽ ആലപ്പുഴയിൽ ആരംഭിച്ച രണ്ട് മേജർ കയർ ഫാക്ടറികളുടെ പണി ഇപ്പോൾ ഏത് സ്റ്റേജിലിരിക്കുന്നു ;

(ഡി) ഇവയുടെ പണി പൂർത്തീകരിച്ച് എന്നത്തേക്ക് ഉൽപ്പാദനം ആരംഭിക്കും ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) കയർ കോർപ്പറേഷന്റെ കീഴിൽ പുന്നപ്ര, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ കേന്ദ്രീകൃത കയർ ഫാക്ടറികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. പുന്നപ്രയിൽ സർക്കാർവക സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാ വ്യവസായകേന്ദ്രം മുഖേന സ്വീകരിച്ചിട്ടുണ്ട്. സ്ഥലം വിട്ടുകിട്ടിയശേഷം ആവശ്യമായ മൂലധനവും മറ്റ് സാമ്പത്തിക സഹായവും ലഭ്യമാക്കുന്ന മുറയ്ക്ക് ടി ഫാക്ടറി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ആലപ്പുഴയിൽ വിതികുറഞ്ഞ പായ്കളും പൈൻകാർപ്പറ്റും നിർമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറി സ്ഥാപിക്കുന്നതിന് ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ട്.

(ബി) 1981-ൽ ആലപ്പുഴയിൽ മേജർ കയർ ഫാക്ടറികളൊന്നും തന്നെ കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ചിട്ടില്ല.

സംസ്ഥാനത്തെ തേക്കുതോട്ട പരിപാലനം

*345. [371] ശ്രീ. കെ. ററി. കണാരൻ :
,, കെ. ഇ. ഇസ്മയിൽ :
,, വി. കെ. രാജൻ :
,, എം. കെ. കേശവൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തേക്കുതോട്ട പരിപാലനത്തിനായി ആകെ എത്ര രൂപ ചെലവഴിച്ചു ;

(ബി) ആകെ നട്ട തേക്ക് തൈകൾ എത്ര ;

(സി) അതിൽ എത്ര എണ്ണം വളർന്ന് വരുന്നുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) 229.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് .

(ബി) 79,87,500.

(സി) ഉദ്ദേശം 64,00,000 തേക്ക് തൈകൾ വളർന്നുവരുന്നുണ്ട് .

യോഗാസന ക്ലാസ് സുകരം

*346. [372] ശ്രീ. കെ. എം. ഹംസക്കുഞ്ഞ് :

,, ഇ. ടി. മുഹമ്മദ ബഷീർ :

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യോഗാസന ക്ലാസ്സുകൾ നടത്തുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ട് ;

(ബി) അവ ഏതെല്ലാം :

(സി) യോഗാസനം പരിപോഷിപ്പിക്കാനും അതിന്റെ ഗുണാംശം സാധാരണക്കാരനു ലഭ്യമാക്കാനും കേരളാസ്പോർട്സ് കൗൺസിലിന് എന്തെങ്കിലും പരിപാടിയുണ്ടോ :

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) കേരളാ സ്പോർട്സ് കൗൺസിൽ ശേഖരിച്ച വിവരമനുസരിച്ച് 12 സ്ഥാപനങ്ങളും 6 വ്യക്തികളും ഒരു സംഘടനയും യോഗാഭ്യാസ മുറകളിൽ ഏർപ്പെട്ടിരിക്കുന്നു.

(ബി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട് .

(സി) യോഗാഭ്യാസം പരിപോഷിപ്പിക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കുന്ന കാര്യം സ്പോർട്സ് കൗൺസിൽ പരിശോധിച്ച് വരികയാണ്.

(ഡി) യോഗാഭ്യാസ മുറകളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളും

1. ശ്രീ. എ. സമർ, റെറ്റി. സി. 24/857, ശ്രീ. പുഷ്പമന്ദിരം, തൈക്കാട്, തിരുവനന്തപുരം.
2. ശ്രീ. എം. മദനൻ, പ്ലാസുകുളങ്ങര ഹൗസ്, കോമളപുരത്തിന് കിഴക്കുവശം, അവലുക്കുന്ന്, ആലപ്പുഴ-688 006.
3. ശ്രീ. മുളവന പണിക്കർ, യോഗാസനാ നിപുണൻ, നിർമ്മല കോളേജ്, പേരൂർ, കൊല്ലം-5.
4. ശ്രീ. ശിധിരൻ, മലയിൻകീഴ്, യോഗചികിൽസാ ഇൻസ്ട്രക്ടർ, ആയുർവേദ കോളേജ് ഹോസ്പിറ്റൽ, തിരുവനന്തപുരം-695001.
5. ശ്രീ. എ. നിസ്സാർ, നിരോത്തുതൊടയിൽ വീട് ശ്രീകാര്യം പി. ഒ., തിരുവനന്തപുരം-17.
6. ശ്രീ. കെ. നാണു, യോഗ ചികിൽസകൻ, ശക്തിയോഗ ചികിൽസാലയം, മൺകൊമ്പ്, ചതുർത്തിയകരി പി. ഒ., ആലപ്പുഴ ജില്ല.

LIBRARY ARCHIVES Kerala Legislative Assembly